SUNNAH CLUB

# തറാവീഹ് നിസ്കാരം

## ഒരു സമ്പൂർണ്ണ വിശകലനം

ഉവൈസ് അദനി വെട്ടുപാറ

- തറാവീഹിന്റെ സ്വഷ്യാലിറ്റി
- 11റക്അത്ത്; ഒരു ഭീമാബദ്ധം
- തിരുനബിﷺ യുടെ തറാവീഹ്
- ഉമർؓ വിന്റെ '20' അനിഷേധ്യമാണ്
- സാഇബ് ബനു യസീദ്ؓ വിന്റെ റിപ്പോർട്ട് സ്വഹീഹ് തന്നെ
- 20' ലെ സ്വഹാബത്തിന്റെ ഇജ്മാഅ് അനിഷേധ്യം
- മുസ്ത്തനദ് ഭദ്രമായ ഇജ്മാഅ്
- തിരുനബിﷺ 20 നിസ്കരിച്ചു; ഹദീസിന്റെ പ്രാമാണികത
- ആയിഷ ബീവിയുടെ ഹദീസും വസ്തുതകളും
- ജാബിർؓ വിന്റെ ഹദീസ് തെളിവിന് പറ്റില്ല!
- സ്വലാത്തും ബിദ്അത്ത് ആരോപണവും

# തറാവീഹ് നിസ്കാരം

## ഒരു സമഗ്ര പഠനം

ഉവൈസ് അദനി വെട്ടുപാറ

SUNNAH CLUB

Click to follow us:

Sunnahclub.in

## ഉള്ളടക്കം


- തറാവീഹ് നിസ്കാരത്തിന്റെ റമളാൻ സ്പെഷ്യാലിറ്റി
- തിരുനബിﷺ യുടെ തറാവീഹിന്റെ റക്അത്തുകൾ
- ഉമർ ﷺനിസ്കരിച്ച '20' അനിഷേധ്യമാണ്.
- തറാവീഹിന്റെ റക്അത്തും ഇജ്മാഉം
- നാല് മദ്ഹബിലും തറാവീഹ് 20 തന്നെ!
- ആഇശാ ബീവിﷺ യുടെ ബുഖാരിയിലെ ഹദീസ്
- ജാബിർ ﷺ വിന്റെ ഹദീസ് തെളിവിന് പറ്റില്ല.
- റക്അതുകൾക്കിടയിലെ സ്വലാത്തും ബിദ്അത്ത് ആരോ പണവും

# തറാവീഹ് നിസ്കാരത്തിന്റെ റമളാൻ സ്പെഷ്യാലിറ്റി

ഇതര മാസങ്ങൾക്കില്ലാത്ത നിരവധി പ്രത്യേകതകൾ റമളാൻ മാസത്തിനുണ്ട്. റമളാൻ മാസത്തിന്റെ പവിത്രതക്ക് കൂടുതൽ മാറ്റ് നൽകുന്ന ഒരു നിസ്കാരമാണല്ലോ തറാവീഹ്. വിശ്വാസി സമൂഹം റമളാൻ മാസത്തിൽ ഏറെ ആദരപൂർവ്വം നിസ്കരിക്കുന്ന ഒരു നിസ്കാരം കൂടിയാണ് ഈ തറാവീഹ് നിസ്കാരം . എന്നാൽ  പുത്തൻ വാദികൾ പുത്തൻ വാദങ്ങൾ ഉന്നയിച്ചുകൊണ്ട് തറാവീഹ് നിസ്കാരത്തിനെ വികലമാക്കാൻ ശ്രമിക്കുന്നുണ്ട്.

ഇതര മാസങ്ങളിലില്ലാത്ത  ഒരു സ്പെഷ്യൽ നിസ്കാരമാണ് റമളാനിലെ തറാവീഹ്. എന്നാൽ എല്ലാ മാസങ്ങളിലും സുന്നത്തുള്ള രാത്രി നമസ്കാരത്തിന് റമളാനിൽ 'തറാവീഹ്' എന്ന് പറയും എന്നതിൽ കവിഞ്ഞ്  ഒരു സ്പെഷ്യാലിറ്റിയും തറാവീഹിനില്ല എന്നാണ് നവീന വാദികൾ വാദിക്കുന്നത്.

പലപ്പോഴും പൊതു വേദികളിലും സാധാരണ പ്രവർത്തകരോടും ഈ വാദം ഇവർ പറയാറില്ല.  പറഞ്ഞാൽ സലഫി പള്ളികളിൽ സ്വഫുകളുടെ എണ്ണം കുറയും എന്നിവർക്കറിയാം.

തറാവീഹ് റമളാനിലെ ഒരു സ്പെഷ്യൽ നിസ്കാരമാണെന്ന് തിരുനബി (സ്വ) വ്യക്തമായി തന്നെ പഠിപ്പിച്ചിട്ടുണ്ട്.

sunnahclub.in

«إن الله فرض عليكم صيام رمضان، وسننت لكم قيامه»ا قال رسول الله صلى

"തിരുനബി(സ്വ) പറയുന്നു: റമളാനിൽ അല്ലാഹു നിങ്ങൾക്ക് നോമ്പ് ഫർളാക്കി, ഞാൻ നിങ്ങൾക്ക് നിസ്കാരം സുന്നത്താക്കുകയും ചെയ്തു."

നോമ്പ് റമളാനിലെ സ്പെഷ്യൽ ആയത് പോലെ തറാവീഹ് നിസ്കാരവും റമളാനിലെ സ്പെഷ്യൽ ആണെന്ന് ഈ ഹദീസ് കൃത്യമായി നമ്മെ പഠിപ്പിക്കുന്നുണ്ട്.

ഈ ഹദീസ് ഉദ്ധരിച്ച ഹദീസ് ഗ്രന്ഥങ്ങളും ഹദീസ് നമ്പറും

1. المُصَنَّف ابن أَبِي شَيْبَة/ 7705
2. سُنَنُ ابن مَاجَة / 1328
3. السُنَنُ الصَغِير/ الإِمَام النَسَائِي/ 2210
4. السُنَنُ الكَبِير/ الإِمَام النَسَائِي/ 2531
5. مُسْنَد أَحْمَد/ 1660
6. صَحِيحُ ابن خُزَيمَة/ 2201

ഈ ഹദീസ്, "തറാവീഹിനുള്ള റമളാൻ സപെഷാലിറ്റി"യെ നിഷേധിക്കുന്നവരുടെ വാദങ്ങളെ ചവറ്റുകൊട്ടയിലേക്ക് എറിയുന്നതാണ്. അതിനാൽ തന്നെ ഈ ഹദീസിനെ ദുർബലമാക്കാൻ ഇക്കൂട്ടർ കിണഞ്ഞ് ശ്രമിക്കാറുമുണ്ട്. എന്നാൽ നിരവധി ഹാഫിളുകളായ പണ്ഡിതന്മാർ ഈ ഹദീസ് സ്വീകാര്യയോഗ്യമാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

ചില ഉദാഹരണങ്ങൾ

1. الأحاديث المختارة/ الإمام ضياء الدين المقدسي - 3/ 105
2. فتاوى الإمام السبكي - 1/ 158
3. تاريخ الإسلام/ الحافظ الذهبي - 1/ 217
4. سير أعلام النبلاء/ الحافظ الذهبي - 1/ 71

5. فيض القدير/ الإمام المناوي - 1/ 382
6. التيسير/ الإمام المناوي - 1/ 246
7. السراج المنير/ الإمام العزيزي 1/ 352

സാക്ഷാൽ ഇബ്നു തൈമിയ്യ തന്നെ തറാവീഹ് ബിദ്അത്തല്ല സുന്നത്താണ് എന്ന് സ്ഥിരപെടുത്താൻ തെളിവ് പിടിക്കുന്നത് ഈ ഹദീസണ് .

ഇബ്നു തൈമിയ്യ പറയുന്നു:

فأما صلاة التراويح، فليست بدعة في الشريعة، بل سنة بقول رسول الله صلى الله عليه وسلم وفعله، فإنه قال: «إن الله فرض عليكم صيام رمضان، وسننت لكم قيامه **(اقتضاء الصراط المستقيم ٩٣/٢ — ابن تيمية (ت ٧٢٨)**

ദുർബലമായ ഹദീസ് കൊണ്ടാണോ ഇബ്നു തൈമിയ്യ തെളിവ് പിടിക്കുന്നത് ?

റമളാൻ മാസത്തിൽ തിരുനബി (സ്വ) യും സ്വഹാബത്തും പ്രത്യേകമായ ചില നമസ്കാരങ്ങൾ നിസ്കരിച്ചിരുന്നു എന്ന് മഹതി ആയിഷ (റ) പറയുന്ന ഹദീസ് സ്വഹീഹുൽ ബുഖാരിയിൽ ഇമാം ബുഖാരി തന്നെ ഉദ്ധരിച്ചിട്ടുണ്ട്. പ്രസ്തുത ഹദീസ് ഇമാം ബുഖാരി ഉദ്ധരിക്കുന്നത് കിതാബു സ്വലാത്തി തറാവീഹിൽ ബാബു ഫള്ലി ഖിയാമി റമളാൻ എന്ന ബാബിലാണ് എന്നുള്ളത് പ്രത്യേകം ശ്രദ്ധേയവുമാണ്. ഇങ്ങിനെ അധ്യായങ്ങൾ നൽകിയതിലൂടെ ഇമാം ബുഖാരി (റ) തറാവീഹിന്റെ റമളാൻ സ്പെഷ്യാലിറ്റിയെ അടിവരയിടുകയാണ് ചെയ്യുന്നത്.

وفي صحيح البخاري: عن عائشة أم المؤمنين ﷺ: أن رسول الله صلى الله عليه وسلم صلى ذات ليلة في المسجد، فصلى بصلاته ناس، ثم صلى من القابلة، فكثر الناس، ثم اجتمعوا من الليلة الثالثة أو الرابعة، فلم يخرج إليهم رسول الله صلى الله عليه وسلم، فلما أصبح قال: «قد رأيت الذي صنعتم ولم يمنعني من الخروج إليكم

إلا أني خشيت أن تفرض عليكم وذلك في رمضان **(صحيح البخاري/ رقم الحديث: 1129/ كتاب صلاة التراويح/ باب فضل من قام رمضان)**

ആയിഷ(റ) പറയുന്നു: "അന്നൊരു ദിവസം രാത്രിയിൽ തിരുനബി (സ്വ) പള്ളിയിലേക്ക് വരുകയും നിസ്കരിക്കുകയും ചെയ്തു. തിരുനബ(സ്വ) യോട് കൂടെ സ്വഹാബത്തും നിസ്കരിച്ചു. തുടർന്നുള്ള ദിവസവും ഇതുപോലെ തന്നെ തിരുനബി (സ്വ) യും സ്വഹാബത്തും നിസ്കരിച്ചു. അങ്ങനെ ജനങ്ങൾ വർധിച്ചു. മൂന്നാം ദിവസവും നാലാം ദിവസവും സ്വഹാബത്ത് ഒരുമിച്ചു കൂടിയെങ്കിലും അന്ന് തിരുനബി(സ്വ) പള്ളിയിലേക്ക് വന്നില്ല. അടുത്ത ദിവസം പ്രഭാതത്തിൽ അവിടുന്ന് പറഞ്ഞു: "ഈ നിസ്കാരം നിങ്ങളുടെ മേൽ ഫർള് ആകുമോ എന്ന് ഭയപ്പെട്ടതിന് വേണ്ടിയാണ് ഞാൻ ഇന്നലെ നിസ്കാരത്തിന് വരാതിരുന്നത്. ഈ സംഭവങ്ങളെല്ലാം വിശുദ്ധ റമളാൻ മാസത്തിൽ ആയിരുന്നു." **(ബുഖാരി:1129)**

ചുരുക്കത്തിൽ തറാവീഹ് നമസ്കാരം റമളാനിലെ ഒരു സ്പെഷ്യൽ നിസ്കാരമാണെന്ന് ഹദീസുകൾ കൃത്യമായി നമ്മെ പഠിപ്പിക്കുന്നുണ്ട്. പൂർവ്വ സൂരികരായ പണ്ഡിതന്മാർ അത് വ്യക്തമായി വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്.

# തിരുനബി ﷺ യുടെ തറാവീഹിന്റെ റക്അത്തുകൾ

തിരുനബി (സ്വ) ചുരുക്കം ചില ദിവസങ്ങളിൽ പള്ളിയിൽ നിന്ന് തറാവീഹ് നിസ്കരിച്ചിരുന്നു. പിന്നീട് ജനങ്ങളുടെ ആധി ക്യവും ആവേശവും "തറാവീഹ് ഫർളാക്കപെടുന്നതി ലേക്ക് നയിക്കുമോ" എന്ന ഭയം കാരണം പള്ളിയിലേക്കുള്ള വരവ് നിർത്തുകയാണ് ചെയ്തത് എന്ന് കഴിഞ്ഞ ഭാഗത്തിൽ വിശദീ കരിച്ചല്ലോ (സ്വഹീഹുൽ ബുഖാരി 1129)

ഈ ദിനങ്ങളിൽ തിരുനബി (സ്വ) നിസ്കരിച്ച തറാവീഹിന്റെ റക്അത്തുകൾ എത്രയായിരുന്നു ?

വ്യത്യസ്ഥമായ പല റിപ്പോർട്ടുകളും വന്നിട്ടുണ്ടെങ്കിലും സ്വഹീഹായ നിലയിൽ തിരുനബി (സ്വ) നിസ്കരിച്ച റക്അ ത്തുകളുടെ എണ്ണം സ്ഥിരപെട്ടിട്ടില്ല എന്നത് തന്നെയാണ് യാഥാർത്ഥ്യം.

പ്രമുഖ ഹദീസ് പണ്ഡിതനായ ഇമാം സുബ്കി(റ) പറയു ന്നത് നോക്കൂ.

قال الإمام تقي الدين السبكي: إعلم أنه لم ينقل كم صلى رسول الله ﷺ تلك الليالي هل هو عشرون أو أقل .(**شرح المنهاج/ الإمام تقي الدين السبكي)**

"ഇമാം സുബ്കി (റ) പറയുന്നു: പ്രസ്തുത രാത്രികളിൽ തിരുനബി (സ്വ) നിസ്കരിച്ചത് 20 റക്അത്താണോ 20 തിൽ താഴെ ആണോ എന്ന് സ്ഥിരപെട്ടിട്ടില്ല."

തിരുനബി (സ്വ) നിസ്കരിച്ച തറാവീഹിന്റെ റക്അത്തുകളുടെ എണ്ണം സ്വഹീഹായ ഹദീസുകളെ കൊണ്ട് സ്ഥിരപെട്ടിട്ടില്ല എന്ന് മറ്റു നിരവധി പണ്ഡിതന്മാരും രേഖപ്പെടുത്തിയിട്ടുണ്ട്.

ചില ഉദാഹരണങ്ങൾ

1. الحاوي للفتاوى/ الإمام السيوطي - 1/ 417
2. تحفة الأخيار بإحياء سنة سيد الأبرار/ الإمام عبد الحي اللكنوي - 108
3. فتح الباري/ الإمام ابن حجر العسقلاني - 12/ 3
4. الحوادث والبدع/ الإمام محمد أبوبكر الطرطوش المالكي - 55
5. إقامة البرهان على كمية التراويح في رمضان/ الإمام ابن زياد - 4

ഇങ്ങനെയെല്ലാം അഇമത്ത് കൃത്യമായിത്തന്നെ പറഞ്ഞിരിക്കെ തിരുനബി(സ്വ) നിസ്കരിച്ചിരുന്ന തറാവീഹ് 11 റക്അത്തായിരുന്നു എന്ന വാദത്തിന്റെയും തറാവീഹ് എത്രയും ആവാം എന്ന വാദത്തിന്റെയും അർത്ഥശൂന്യത ബോധ്യപ്പെടുന്നുണ്ട്.

തിരുനബി നിസ്കരിച്ച തറാവീഹ് 20 റക്അത്ത് ആയിരുന്നു എന്ന് വ്യക്തമാക്കുന്ന ളഈഫായ ധാരാളം ഹദീസുകൾ വാരിദായിട്ടുണ്ട്. പ്രസ്തുത ഹദീസുകളുടെ ദുർബലത വ്യത്യസ്തമായ കാരണങ്ങളെ കൊണ്ട് പരിഹരിക്കപ്പെടും. അടുത്ത ഭാഗങ്ങളിൽ അവകളെക്കുറിച്ച് വിശദമായി തന്നെ പ്രതിപാദിക്കാം.

# ഉമർ ﵁ നിസ്കരിച്ച '20' അനിഷേധ്യമാണ്.

തിരുനബി (സ്വ) യുടെ തറാവീഹിന്റെ റക്അത്തുകളുടെ എണ്ണം സ്വഹീഹായ പരമ്പരയിൽ ഉദ്ധരിക്കപ്പെട്ടിട്ടില്ല എന്ന് നാം വിശദീകരിച്ചല്ലോ. ഇനി നക്ഷത്ര തുല്യരായ സ്വഹാബത്ത് നിസ്കരിച്ച തറാവീഹ് നമുക്കൊന്ന് പരിശോധിക്കാം.

ഉമർ(റ) ഉബയ്യ്ബ്നു കഅ്ബ്(റ) വിനെ ഇമാമാക്കി തറാവീഹിന് പുത്തനുണർവ് നൽകിയത് ഇമാം ബുഖാരി സ്വഹീഹുൽ ബുഖാരിയിൽ ഉദ്ധരിക്കുന്നുണ്ട്.**(ബുഖാരി:2010)**

പ്രസ്തുത തറാവീഹിന്റെ റക്അത്തുകൾ എത്രയായിരുന്നു? നമുക്കൊന്ന് പരിശോധിക്കാം.

وفي سنن البيهقي عن السائب بن يزيد قال: كانوا يقومون على عهد عمر بن الخطاب ﵁ في شهر رمضان بعشرين ركعة. )السنن الكبرى/ الإمام البيهقي 4288(

സാഇബ് ബ്നു യസീദ് എന്ന സ്വഹാബി വര്യനെ തൊട്ട് ഇമാം ബയ്ഹഖി ഉദ്ധരിക്കുന്നു: ഉമർ (റ) കാലഘട്ടത്തിൽ റമളാൻ മാസത്തിത്തിൽ സ്വഹാബത്ത് 20 റക്അത്തായിരുന്നു നിസ്കരിച്ചിരുന്നത്." **(ബൈഹഖി 4266)**

ഉമർ(റ) വിന്റെ നിർദ്ദേശ പ്രകാരം ഉബയ്യ് ബ്നു കഅ്ബ് (റ) വിന്റെ നേതൃത്വത്തിൽ സ്വഹാബികൾ നിസ്കരിച്ചത് 11 അല്ല 20 റക്അത്തായിരുന്നു എന്ന് ഇമാം ബൈഹഖിയുടെ ഹദീസ് കൊണ്ട് സ്ഥിരപെടുന്നു.

**ഇവിടെ പ്രശസ്തമായ 4 ചോദ്യങ്ങൾ ഉയർന്നു വരുന്നു**

**01** തിരുനബി(സ്വ) നിസ്കരിച്ചത് പതിനൊന്ന് റക്അത്ത് ആയിരുന്നെങ്കിൽ ബാക്കി റക്അത്തുകൾ ഉമർ(റ) സ്വന്തം പോകറ്റിൽ നിന്ന് എടുത്ത് ദീനിൽ കരിഞ്ചന്ത കാണിച്ചതാണോ?

**02** ഉമർ (റ) കരിഞ്ചന്ത കാണിച്ചതാണെങ്കിൽ മറ്റു സ്വഹാബത്ത് അതിനെ അംഗീകരിച്ചോ ?

**03** നക്ഷത്ര തുല്യരാണ് എന്ന് തിരുനബി (സ്വ) പറഞ്ഞ സ്വഹാബികൾ തിരുചര്യക്ക് എതിരു ചെയ്യുമോ ?

**04** സ്വഹാബത്തിന്റെ ഈ ഏകോപനത്തിൽ തിരുനബി (സ്വ) നിസ്കരിച്ചതും ഇരുപതാണ് എന്ന് ബോധ്യമാകുന്നില്ലേ..?

ഇനി ഹിജ്റ 970 ൽ വഫാത്തായ ഇമാം ഇബ്നു നജീബുൽ നു നുജൈമുൽ മിസ്രി(റ) പ്രസ്തുത തറാവീഹിനെ പറ്റി പറയുന്നത് നമുക്കൊന്ന് വായിക്കാം.

*قال الإمام ابن نُجيم المصري:* ثم وقفت المواظبة عليها في أثناء خلافة عمر ﷺ ووافقه عامة الصحابة رضي الله عنهم كما ورد ذلك في السنن. ثم ما زال الناس من ذلك الصدر إلى يومنا هذا على إقامتها من غير نكير، وكيف لا ؟ وقد ثبت عنه صلى الله عليه وسلم "عليكم بسنتي وسنة الخلفاء الراشدين المهديين عضوا عليها بالنواجز رواه أبو داود **(البحر الرائق/ الإمام ابن نجيب المصري 2/ 71)**

"ഉമർ (റ) വിന്റെ ഭരണ കാലത്ത് തറാവീഹ് 20 റക്അത്ത് ഏക ഇമാമിന്റെ കീഴിലായി നിസ്കരിക്കുന്നത് പതിവായി. പിന്നീ

ട് അത് നമ്മുടെ ഈ കാലഘട്ടം വരെ (900 ce) ഒരാളുടെ എതിർപ്പ് പോലും ഇല്ലാതെ തുടർന്ന് പോരുന്നു. എങ്ങിനെയാണ് അതിനെ എതിർക്കാൻ സാധിക്കുക ? ഖുലഫാഉ റാഷിദുകളുടെ ചര്യ അണപല്ല് കൊണ്ട് കടിച്ച് പിടിക്കാൻ തിരുനബി(സ്വ) കൽപിച്ചതല്ലേ.." **(അൽ ബഹ്റു റാഇഖ്/ ഇമാം ഇബ്നു നുജൈമുൽ മിസ്രി 2/ 71)**

സമാനമായ രീതിയിൽ ഇമാം മുല്ലാ അലിയ്യുൽ ഖാരി (റ) വും പറയുന്നു.

قال الإمام الملا علي القاري: وكونها عشرين سنة الخلفاء الراشدين، وقوله-عليه الصلاة والسلام"عليكم بسنتي وسنة الخلفاء الراشدين" ندب إلى سنتهم **(مرقاة المفاتيح/ الإمام الملا علي القاري 3/ 93)**

ഇപ്രകാരം ഒരുപാട് പണ്ഡിതർ വിശദീകരിച്ചത് നമുക്ക് അവരുടെ ഗ്രന്ഥങ്ങളിൽ നിന്ന് വായിക്കാൻ സാധിക്കും. ദൈർഘ്യം ഭയന്ന് ചുരുക്കുന്നു.

## സാഇബ് ബ്നു യസീദിന്റെ ഹദീസ് സ്വഹീഹ് തന്നെ

ഉമർ (റ) വിന്റെ കാലത്ത് സ്വഹാബത്ത് 20 റക്അത്ത് തറാവീഹ് ആയിരുന്നു നിസ്കരിച്ചത് എന്ന് ഈ ഹദീസ് കൃത്യമായി നമ്മെ പഠിപ്പിക്കുന്നുണ്ട്.

എന്നാൽ പ്രസ്തുത ഹദീസ് ദുർബലമാണെന്ന അപവാദം ചിലർ പറയാറുണ്ട്. എന്നാൽ പ്രസ്തുത ഹദീസ് സ്വഹീഹാണെന്ന് എന്ന് നിരവധി പൗരാണികരായ മുഹദ്ദിസുകൾ തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. ചുരുങ്ങിയത് 26 ഗ്രന്ഥങ്ങൽ പ്രസ്തുത ഹദീസ് സ്വഹീഹാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ചില ഉദാഹരണങ്ങൾ താഴെ നൽകാം.

- خلاصة الأحكام/ الإمام النووي 1/ 56
- نصب الراية/ الإمام الزيلعي 2/ 252
- طرح التثريب/ الإمام العراقي 3/ 97
- عمدة القاري/ الإمام بدر الدين العيني 5/ 267
- الحاوي للفتاوى/ الإمام السيوطي 1/ 415
- منحة الباري/ الإمام زكري الأنصاري 4/ 441
- مغني المحتاج/ الإمام الخطيب الشربيني 1/ 460
- النجم الوهاج/ كمال الدين الدميري 2/ 310
- كنز الراغبين/ الإمام المحلي 1/ 249
- لمحات التنقيخ/ الإمام عبد الحق الدهلوي 3/ 404
- إرشاد الساري/ الإمام القسطلاني 3/ 426
- تخريج أحاديث الشرح الكبير/ الإمام ابن الملقن 4/ 349

ഇവരെന്നും ഇന്നോ ഇന്നലെയോ ജീവിച്ച പണ്ഡിതരല്ല. വർഷങ്ങൾക്ക് മുമ്പ് ജീവിച്ച് വലിയ ഗ്രന്ഥങ്ങൾ മുസ്ലീം സമൂഹത്തിന് സമർപിച്ച പണ്ഡിത മഹത്വുക്കളാണ്.

ഇവരെന്നും കാണാത്ത ദുർബലത ബൈഹഖിയുടെ ഹദീസിൽ നിന്ന് ഈ കൂട്ടർക്കെവിടുന്ന് ലഭിച്ചു ?

# തറാവീഹിന്റെ റക്അത്തും അനിഷേധ്യമായ ഇജ്മാഉം

അടിസ്ഥാനപരമായി ഖുർആൻ, ഹദീസ്, ഇജ്മാഅ്, ഖിയാസ് എന്നീ നാല് പ്രമാണങ്ങളാണ് ഇസ്ലാമിനുള്ളത്. ഇതിൽ മൂന്നാമത്തെ പ്രമാണമാണ് ഇജ്മാഅ്. ഇജ്മാഅ് എന്നാൽ ഒരു കാലഘട്ടത്തിലെ മുജ്തഹിദുകളെല്ലാം ഒരു വിഷയത്തിൽ ഏകോപിക്കലാണ്. ഒരു വേള മതത്തിൽ ഖുർആനിനെക്കാളും ഹദീസിനെക്കാളും മുന്തിക്കപ്പെടുക ഇജ്മാഇനെയാണ് (الإجماع مقدم على النص) .

ഇമാം താജുദ്ധീൻ സുബ്കി പറയുന്നത് നോക്കൂ.

قال الإمام تاج الدين السبكي: (قال الشافعي:) ﷺ (و)يرجح (الإجماع على النص) لأنه يؤمن فيه النسخ بخلاف النص (وإجماع الصحابة على إجماع غيرهم غيرهم )**شرح الإمام المحلي على جمع الجوامع(**

"ഇമാം ശാഫിഈ പറയുന്നു: ഇജ്മാഅ് നസ്സിനേക്കാൾ (ഖുർആൻ, ഹദീസ്) മുന്തിക്കപ്പെടണം. കാരണം ആയത്തു കളിലും ഹദീസുകളിലും നസ്ഖിന് സാധ്യതയുണ്ട്. ഇജ്മാ ഇൽ അതുണ്ടാവില്ലല്ലോ?

ഉസ്വൂലുൽ ഫിഖ്ഹിന്റെ എല്ലാ ഗ്രന്ഥങ്ങളിലും ഈ വിഷയം സവിസ്തരം ചർച്ച ചെയ്യുന്നുണ്ട്.

## തറാവീഹിലെ ഇജ്മാഅ്

ഉമർ(റ) വിന്റെ നിർദേശം പ്രകാരം 20 റക്അത്ത് തറാവീഹിൽ സ്വഹാബികൾ എതിർ അഭിപ്രായങ്ങൾ ഇല്ലാതെ പങ്കെടുത്തത് നാം വിശദീകരിച്ചല്ലോ. പ്രസ്തുത തറാവീഹ് 20 റക്അത്ത് നിസ്കരിച്ചപ്പോൾ ഒരു സ്വഹാബിക്ക് പോലും അതിൽ എതിർപ്പില്ലായിരുന്നു. എല്ലാ സ്വഹാബത്തും തറാവീഹ് 20 ആണെന്ന് വിഷയം അംഗീകരിക്കുകയും പ്രസ്തുത തറാവീഹിൽ പങ്കെടുക്കുകയും ചെയ്തു. അതോടെ തറാവീഹ് 20 റക്അത്താണ് എന്ന വിഷയത്തിൽ സ്വഹാബത്തിനിടയിൽ ഇജ്മാഅ് സ്ഥിരപ്പെടുകയുണ്ടായി.

എന്നാൽ പ്രസ്തുത ഇജ്മാഇനെ എതിർക്കുന്ന ചില ബിദ്അത്തുക്കാർ ഉണ്ട് . ഇങ്ങിനെ ഒരു ഇജ്മാഅ് സ്ഥിരപ്പെട്ടിട്ടില്ല എന്നാണ് അവർ വാദിക്കുന്നത്. എന്നാൽ സ്വഹാബത്തിന്റെ ഇജ്മാഅ് നിരവധി അഇമത്തുകൾ അവരുടെ ഗ്രന്ഥങ്ങളിൽ ഉദ്ധരിക്കുന്നുണ്ട്. ചുരുങ്ങിയത് 33 ഗ്രന്ഥങ്ങൾ പ്രസ്തുത ഇജ്മാഅ് ഉദ്ധരിച്ചിട്ടുണ്ട്

ഇമാം കാസാനി പറയുന്നത് കാണുക.

قال الإمام الكاساني: [فَصْلٌ فِي قَدْر صَلَاةِ التَّرَاوِيحِ](فَصْلٌ) : وَأَمَّا قَدْرُهَا فَعِشْرُونَ رَكْعَةً فِي عَشْرِ تَسْلِيمَاتٍ، فِي خَمْسِ تَرْوِيحَاتٍ كُلُّ تَسْلِيمَتَيْنِ تَرْوِيحَةٌ وَهَذَا قَوْلُ عَامَّةِ الْعُلَمَاءِ. وَقَالَ مَالِكٌ فِي قَوْلٍ: سِتَّةٌ وَثَلَاثُونَ رَكْعَةً، وَفِي قَوْلٍ سِتَّةٌ وَعِشْرُونَ رَكْعَةً، وَالصَّحِيحُ قَوْلُ الْعَامَّةِ لِمَا رُوِيَ أَنَّ عُمَرَ - رَضِيَ اللَّهُ عَنْهُ - جَمَعَ أَصْحَابَ رَسُولِ اللَّهِ - صَلَّى اللَّهُ عَلَيْهِ وَسَلَّمَ - فِي شَهْرِ رَمَضَانَ عَلَى أُبَيِّ بْنِ كَعْبٍ فَصَلَّى بِهِمْ فِي كُلِّ لَيْلَةٍ عِشْرِينَ رَكْعَةً، *وَلَمْ يُنْكِرْ أَحَدٌ عَلَيْهِ فَيَكُونُ إجْمَاعًا مِنْهُمْ عَلَى ذَلِكَ. **(بدائع الصنائع/ الإمام الكاساني 1/ 288)**

"തറാവീഹ് നിസ്കാരത്തിന്റെ റക്അത്തുകളുടെ എണ്ണം 5 തർവീഹത്തുകളായി 20 റക്അത്താണ്. അതാണ് പ്രബല പണ്ഡിതാഭിപ്രായം, കാരണം ഉമർ(റ) വിന്റെ നിർദേശ പ്രകാരം റമളാനിലെ എല്ലാ രാത്രികളിലും ഉബയ്യ് ബ്നു കഅ്ബ്(റ) ന്റെ നേതൃത്വത്തിൽ സ്വഹാബികൾ നിസ്കരിച്ചത് 20 റക്അത്താണ്. ഒരാൾ പോലും അതിനെ എതിർത്തിട്ടില്ല. അങ്ങിനെ 20 റക്അത്താണ് തറാവീഹ് എന്നതിൽ സ്വഹാബികൾ ഇജ്മാഅ്ആയി" **(ബദാഇഉ സ്വനാഇഅ് 1/ 288)**

## മറ്റു ചില ഗ്രന്ഥങ്ങൾ

قال الإمام ابن حجر الهيتمي: أجمع الصحابة على أن التراويح عشرون ركعة؛ وصح أنهم كانوا يقيمون على عهد عمر عشرين ركعة) **فتح الإلاه/ الإمام ابن حجر الهيتمي 5/ 130(**

قال الإمام الرباني: لما اجتمع الناس على أبي بن كعب صلى بهم التراويح ركعة، وهذا إجماع منهم **(بحر المذهب/ الإمام الرؤياني 2/ 231)**

1. المغني/ الإمام ابن قدامة 2/ 123
2. طرح التثريب/ الإمام الحافظ العراقي 3/ 98
3. إرشاد الساري/ الإمام القسطلاني 3/ 426
4. تحفة الأخيار/ الإمام عبد الحي اللكنوي 108
5. شرح بافضل/ الإمام ابن حرغ الهيتمي 1/ 322
6. مرقاة المفاتيح/ الإمام الملا علي القاري 3/ 346
7. البناية شرح الهداية/ الإمام بدر الدين العيني 2/ 551
8. مراقي الفلاح/ حسن بن عمار المصري 158
9. مجمع الأنهر/ الإمام سيخ زادة 136/1

ലോക പ്രശസ്ത മാലികി പണ്ഡിതാനായ ഇമാം അഹമദ് ദർദീർ പറയുന്നു: മുൻഗാമികളും പിൻഗാമികളും എല്ലവരും നസ്കരിക്കുന്നത് 20 റക്അത്ത് തറാവീഹാണ്

قال الإمام أحمد الدردير: وهي ثلاث وعشرون لكن الذي جرى عليه العمل سلفا وخلفا الأول.( **الشرح الكبير/ الإمام أحمد الدردير1/ 315)**

ഇജ്മാഅ് ഉദ്ധരിച്ച ഇനിയും ധാരാളം പണ്ഡിതർ ഉണ്ട് തൽകാലം ഇവിടെ നിർത്തുന്നു.

**ഇജ്മാഇന്റെ മുസതനദ് ഭദ്രമാണ്.**

തറാവീഹ് 20 റക്അത്താണ് എന്ന വിഷയത്തിൽ സ്വഹാബത്ത് ഇജ്മായി എന്നത് സ്ഥിരപ്പെട്ടപ്പോൾ, ഇജ്മാഇനെ പൊളിക്കാൻ വേണ്ടി ഇജ്മാഇന്റെ മുസതനദ് ശരിയല്ല എന്ന് ചില ആളുകൾ വാദിക്കാറുണ്ട്. അല്ലാമ അബ്ദുൽഹക്ക് ദഹ്ലവി പറയുന്നത് കാണു:

*قال الإمام عبد الحق الدهلوي:* فالظاهر أنه كان ثبت عندهم صلاة النبي - ﷺ- عشرين ركعة كما جاء في حديث ابن عباس ﷺ **(لمعات التنقيخ/ الإمام عبد الحق الدهلوي 3/ 404)**

"സ്വഹാബത്ത് തറാവീഹ് 20 റക്അത്താണ് എന്നതിൽ ഇജ്മാആയത് തിരുനബി(സ്വ) നിസ്കരിച്ചത് 20 ആണെന്ന് അവരുടെ അടുക്കൽ സ്ഥിരപ്പെട്ടത് കൊണ്ട് തന്നെയാണ്.

ഇബ്നു അബ്ബാസ്(റ) വിനെ തൊട്ട് ഇമാം ഇബ്നു അബീ ശൈബ ഉദ്ധരിച്ച ഹദീസിൽ തിരുനബി 20 റക്അത്ത് നിസ്കരിച്ചു എന്നുണ്ടല്ലോ? **(ലംആതു തൻഖീഹ് 3/ 404)**

ആ ദുർബലത പരിഹരിക്കപെടുന്നു

قال الشيخ زكريا محمد الصديقي: ولكن ينجبر ضعفه بإجماع الصحابة، ولا تجمع الصحابة على أمر إلا إذا كان معلوما لديهم فعله ﷺ. فمستند الإجماع فعله ﷺ **(أوجز المسالك/ الشيخ محمد زكريا الصديقي 2/ 298)**

"ഇബ്നു അബ്ബാസിനെ തെട്ട് ഉദ്ധരിച്ച് പ്രസ്ഥുത ഹദീസിന്റെ ദുർബലത സ്വഹാബത്തിന്റെ ഇജ്മാഅ് കൊണ്ട് പരിഹരിക്കപെടും. കാരണം തിരുനബി ചെയ്യാത്ത കാര്യത്തിൽ ഒരിക്കലും സ്വഹബത്ത് ഇജ്മാഅ് ആവില്ല". **(ഔജസുൽ മസാലിക്ക് 2 / 298)**

20ന്റെ ഹദീസിന്റെ ദുർബലത ഇജ്മാഅ് കൊണ്ട് പരിഹരിക്കപ്പെടും എന്ന് ഇമാം ഇബ്നു ആബിദീനും പറയുന്നു.

قال الإمام ابن عابدين الحنفي:* وأما تضعيف الحديث بمن ذكر فقد يقال إنه اعتضد بما مر من تقل الإجماع **(منحة الخالق/ الإمام ابن عابدين 23/ 112)**

# നാല് മദ്ഹബിലും തറാവീഹ് 20 തന്നെ!

4 മദ്ഹബിലും തറാവീഹ് 20 റക്അത്ത് തന്നെയാണ്. നാല് മദ്ഹബിലെയും പ്രധാനപെട്ട ചില പൗരാണിക ഗ്രന്ഥങ്ങളിലൂടെ നമുക്ക് കടന്നു പോകാം.

## ഹനഫി മദ്ഹബ്

- ഇമാം കാസാനി(റ)

قال الإمام الكاساني: [فَصْلٌ فِي قَدْر صَلَاةِ التَّرَاوِيحِ](فَصْلٌ) : وَأَمَّا قَدْرُهَا فَعِشْرُونَ رَكْعَةً فِي عَشْرِ تَسْلِيمَاتٍ، فِي خَمْسِ تَرْوِيحَاتٍ كُلُّ تَسْلِيمَتَيْنِ تَرْوِيحَةٌ وَهَذَا قَوْلُ عَامَّةِ الْعُلَمَاءِ. وَقَالَ مَالِكٌ فِي قَوْلٍ: سِتَّةٌ وَثَلَاثُونَ رَكْعَةً، وَفِي قَوْلٍ سِتَّةٌ وَعِشْرُونَ رَكْعَةً، وَالصَّحِيحُ قَوْلُ الْعَامَّةِ لِمَا رُوِيَ أَنَّ عُمَرَ - رَضِيَ اللَّهُ عَنْهُ - جَمَعَ أَصْحَابَ رَسُولِ اللَّهِ - صَلَّى اللَّهُ عَلَيْهِ وَسَلَّمَ - فِي شَهْرِ رَمَضَانَ عَلَى أُبَيِّ بْنِ كَعْبٍ فَصَلَّى بِهِمْ فِي كُلِّ لَيْلَةٍ عِشْرِينَ رَكْعَةً، وَلَمْ يُنْكِرْ أَحَدٌ عَلَيْهِ فَيَكُونُ إجْمَاعًا مِنْهُمْ عَلَى ذَلِكَ. **(بدائع الصنائع/ الإمام الكاساني 1/ 288)**

"തറാവീഹ് നിസ്കാരത്തിന്റെ റക് അത്തുകളുടെ എണ്ണം 5 തർവീഹത്തുകളായി 20 റക്അത്താണ്. അതാണ് പ്രബല

പണ്ഡിതാഭിപ്രായം, കാരണം ഉമർ(റ) വിന്റെ നിർദേശ പ്രകാരം റമളാനിലെ എല്ലാ രാത്രികളിലും ഉബയ്യ് ബ്നു കഅ്ബിന്റെ നേതൃത്വത്തിൽ സ്വഹാബികൾ നിസ്കരിച്ചത് 20 റക്അത്താണ്. ഒരാൾ പോലും അതിനെ എതിർത്തിട്ടില്ല. അങ്ങിനെ 20 റക്അത്താണ് തറാവീഹ് എന്നതിൽ സ്വഹാബികൾ ഇജ്മാആയി.**(ബദാആഉ സ്വനാഇഅ് 1/288)**

- ഇമാം ബദ്റുദ്ദീനുൽ അയ്നി (റ)

قال الإمام بدر الدين العيني: فتصير الجملة عشرين ركعة سوى الوتر وهو مذهبنا (البناية/ الإمام بدر الدين العيني551/2)

- ഇബ്നു നുജൈം അൽമിസ്വ്രി

قال الإمام ابن نجيم المصري: وسنّ في رمضان عشرون ركعة بعد العشاء قبل الوتر ...وعليه عمل الناس شرقا وغربا )**البحر الرائق/ الإمام ابن نجيب 2/ 71**(

"തറാവീഹ് 20 റക്അത്താണ്. കിഴക്കും പടിഞ്ഞാറുമുള്ള സർവ ജനങ്ങളും അങ്ങിനെ തന്നെയാണ് ചെയ്യുന്നത്"

- ഇമാം ഇബ്നു ആബിദീൻ(റ)

قال الإمام ابن عابدين: وهي عشرون ركعة هو قول الجمهور وعيه عمل الناس شرقا وغربا **(رد المختار/ الإمام ابن عابدين 2/ 45)**

"തറാവീഹ് 20 റക്അത്താണ്. കിഴക്കും പടിഞ്ഞാറുമുള്ള സർവ ജനങ്ങളും അങ്ങിനെ തന്നെയാണ് ചെയ്യുന്നത്"

## മാലികി മദ്ഹബ്

മറ്റു മദ്ഹബുകളിലേത് പോലെ മാലികി മദ്ഹബിലും തറാവീഹ് 20 തന്നെയാണ്. പക്ഷേ മാലികി ഇമാമിനെ തൊട്ട് 36 റക്അത്ത് എന്ന് ഇബ്നു ഖാസിം എന്ന ശിഷ്യന്റെ രിവായത്തിൽ കാണാം. യഥാർത്ഥത്തിൽ 36 ൽ 20 മാത്രമേ തറാവീഹായി പരിഗണിക്കുന്നുള്ളൂ, ബാക്കി 16, മക്കകാർ ത്വവാഫ്

ചെയ്യുന്നതിന് ബദലായി നിസ്കരിക്കുന്ന തർവീഹത്തിനുള്ള മുത്‌ലഖ് സുന്നത്ത് നിസ്കാരം മാത്രമാണ്.

- ഇമാം സഈദ് ബാ അശിൻ(റ) പറയുന്നു.

قال الإمام سعيد باعشن: قال الشرقاوي: ويثابون على الست عشرة ركعة ثواب النفل المطلق لا التراويح على الأقرب **(بشرى الكريم/ الإمام سعيد باعشن)**

- ഇമാം ഇബ്നു അബ്ദിൽ ബറ് (റ)

قال الإمام ابن عبد البر: واستحب جماعة من العلماء والسلف الصالح بالمدينة عشرين ركعة والوتر واستحب منهم آخرون ستا وثلاثين ركعة والوتر وهو إختيار مالك في الرواية ابن قاسم **(الكافي/ الإمام ابن عبد البر1/ 256)**

- ഇമാം സ്വാവി(റ)

)التراويح) برمضان(وهي عشرون ركعة) بعد صلوة العشاء، يسلم من كل ركعتين غير الشفع والوتر **(حاشية الصوي على الشرح الصغير: ٢/١٧٧)**

- ഇമാം അഹ്മദ് ദർദീർ(റ)

قال الإمام أحمد الدردير: والتراويح وهي عشرون ركعة بعد صلواة العشاء، يسلم من كل ركعتين **(أقرب المسالك/ الإمام أحمد الدردير: ١/١٣٦)**

## ശാഫിഈ മദ്ഹബ്

- ഇമാം നവവി(റ)

قال الإمام النووي: (فَرْعٌ) فِي مَذَاهِبِ الْعُلَمَاءِ فِي عَدَدِ رَكَعَاتِ التَّرَاوِيحِ مَذْهَبُنَا أَنَّهَا عِشْرُونَ رَكْعَةً بِعَشْرِ تَسْلِيمَاتٍ غَيْرَ الْوِتْرِ وَذَلِكَ خَمْسُ تَرْوِيحَاتٍ وَالتَّرْوِيحَةُ أَرْبَعُ رَكَعَاتٍ بِتَسْلِيمَتَيْنِ هَذَا مَذْهَبُنَا وَبِهِ قَالَ أَبُو حَنِيفَةَ وَأَصْحَابُهُ وَأَحْمَدُ وَدَاوُد وَغَيْرُهُمْ وَنَقَلَهُ الْقَاضِي عِيَاضٌ عَنْ جُمْهُورِ الْعُلَمَاءِ وَحُكِيَ أن الاسود بن مزيد كَانَ يَقُومُ بِأَرْبَعِينَ رَكْعَةً وَيُوتِرُ بِسَبْعٍ وَقَالَ مالك التراويح تسع ترويحات وهى ستة وَثَلَاثُونَ رَكْعَةً غَيْرَ الْوِتْرِ **(المجموع شرح المهذب/ الإمام النووي ٤/٣٢)**

- ഇമാം റാഫിഈ (റ)

قال الإمام الرافعي: صلاة التراويح عشرون ركعة بعشر تعليمات **( فتح العزيز/ الإمام الر افعي 4/ 264)**

- ഇമാം ഇബ്നു ഹജർ അൽ ഹൈതമി(റ)

قال الإمام الإمام ابن حجر الهيتمي: وهي عندنا لغير أهل المدينة عشرون ركعة كما أطبقوا عليها في زمن عمر **(تحفة المحتاج/ الإمام ابن حجر الهيتمي 2/ 240)**

- ഇമാം റംലി (റ)

قال الإمام الرملي: وهي عشرون ركعة بعشر تسليمات في كل ليلة من من رمضان**( نهاية المحتاج/ الإمام الرملي)**

- ഇമാം സൈനുദ്ധീൻ മഖ്ദൂം(റ)

قال الإمام زين الدين المخدوم المليباري: وهي عشرون ركعة بعشر تسليمات في كل ليلة من رمضان**( فتح المعين/الإمام زين الدين المخدوم المليباري 168)**

## ഹമ്പലി മദ്ഹബ്

- ഇമാം ഇബ്നു ഖുദാമ:

قال الإمام ابن قدامة: والمختار فيها عشرون ركعة **( المغني/ الإمام ابن قدامة:2/ 132)**

- ഇബ്നു മുഫ്ലിഹ്

قال الإمام ابن مفلح: وهي عشرون ركعة **(المبدع/ الإمام ابن مفلح 2/ 22)**

- ഇമാം അബുൽ ഖാസിം ഖർഖി

قال الإمام أبو القاسم الخرقي: قيام شهر رمضان عشرون ركعة**( متن الخرقي/ الإمام أبو القاسم الخرقي 1/ 425)**

ചുരുക്കത്തിൽ ഇരുപതിൽ കുറഞ്ഞ 'ഒരു തറാവീഹ്' നാലു മദ്ഹബിനും പരിചയമില്ലാത്തതാണ്

# ആഇശാ ബീവി ﵂ യുടെ ബുഖാരിയിലെ ഹദീസ്

വഹാബികൾ തറാവീഹിന്റെ വിഷയത്തിൽ തുരുപ്പ് ചീട്ടായി പരിചയപെടുത്തുന്ന ഒരു ഹദീസാണ് തിരുനബിയുടെ നിസ്കാരത്തെ കുറിച്ചുള്ള ആയിശ ബീവി(റ) യുടെ വിശദീകരണം. യഥാർത്ഥത്തിൽ പ്രസ്തുത ഹദീസിന് തറാവീഹുമായി യാതൊരു ബന്ധവുമില്ല.

തിരുനബി ﷺ യുടെ റമളാൻ നമസ്കാരത്തെ കുറിച്ച് ചോദിച്ചപ്പോഴുള്ള അഇശ ബീവിയുടെ മറുപടിയാണത്.

ما كان أي النبي -ﷺ- يزيد في رمضان ولا في غيره على إحدى عشرة ركعة

**صحيح البخاري/2013**

"തിരുനബി (സ്വ) റമളാനിലും ഇതര മാസങ്ങളിലും പതിനൊന്നിനെക്കാൾ അധികരിപ്പിക്കൽ ഇല്ലായിരുന്നു"

ഹദീസിലെ "പതിനൊന്നിനേക്കാൾ അധികരിപ്പിക്കലില്ലായിരുന്നു" എന്ന അര വരിയെടുത്താണ് തറാവീഹ് പതിനെന്നാണന്ന് ഇവർ സ്ഥാപിക്കുന്നത്.

ما كان يزيد في رمضان ولا في غيره

"റമളാനിലും ഇതര മാസങ്ങളിലും പതിനൊന്നിനെക്കാൾ അധികരിപ്പിക്കാറില്ല" എന്നാണ് ആയിശ ബീവി പറഞ്ഞത്. പ്രസ്തുത പരാമർശത്തിൽ നിന്ന് തന്നെ ആയിശ ബീവി പറഞ്ഞത് റമളാനിലെ സ്പെഷ്യൽ നിസ്കാരമായ തറാവീഹിനെ പറ്റിയല്ല എന്ന് ബോധ്യമാകുന്നുണ്ടല്ലോ. 'തറാവീഹ് ' റമളാനിലെ സ്പെഷ്യലാണന്ന് നിരവധി തെളിവുകൾ കൊണ്ട് നാം സ്ഥിരപ്പെടുത്തുകയും ചെയ്തു.

ചുരുക്കത്തിൽ റമളാനിലും അല്ലാത്തപോഴുമുള്ള ഒരു പ്രത്യേക നിസ്കാരത്തിനെ സംബന്ധിച്ചാണ് ആയിശ ബീവി(റ) പറഞ്ഞതെന്ന് വ്യക്തം.

അല്ലാത്ത പക്ഷം തിരുനബി 17 റക്അത്ത് ഫർള് നിസ്കാരവും ഇതര സുന്നത് നിസ്കാരങ്ങളും നിസ്കരിക്കാറില്ല എന്നടക്കം പറയേണ്ടി വരും. നഊദുബില്ലാഹ്..!

**ആയിശ ബീവി പറഞ്ഞ നിസ്ക്കാരം ഏത് ?**

തിരുനബി പതിനൊന്നിനെക്കാൾ അധികരിപ്പിക്കാറില്ല എന്ന് ആയിശ ബീവി പറഞ്ഞത് വിത്റിനെ സംബന്ധിച്ചാണ്.

ഇമാം ഖസ്ഥലാനി പറയുന്നത് കാണുക.

قال الإمام القسطلاني وأما قول عائشة الآتي في هذا الباب إن شاء الله تعالى ما كان أي النبي -ﷺ- يزيد في رمضان ولا في غيره على إحدى عشرة ركعة فحمله أصحابنا على الوتر **(إرشاد الساري/ الإمام القسطلاني 3/ 426)**

"ആഇശ ബീവിയുടെ ഹദീസ് വിത്റിന്റെ മേൽ ഹംല് ചെയ്യപ്പെടണം" **(ഇർഷാദുസ്സാരി:3/426)**

ആയിഷ ബീവിയുടെ ഹദീസ് വിത്റിനെ പറ്റിയാണെന്ന് നിരവധി പണ്ഡിതന്മാർ വ്യക്തമാക്കിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ

1. إرشاد الساري/ الإمام القسطلاني 3/ 426
2. فتح الرحمان/ الإمام أحمد الرملي 1/ 258
3. دليل الفالحين/ الإمام ابن علان 6/ 498
4. تحفة المحتاج/ الإمام ابن حجر الهيتمي 2/ 255
5. الغرر البهية/ الإمام زكريا الأنصاري 1/ 395
6. الإبريز/ الإمام البلقيني 223
7. إقامة البرهان/ الإمام ابن زياد 15

**തറാവീന്റെ അദ്ധ്യായത്തിൽ വിത്റിന്റെ ഹദീസ് എന്തിന് കൊണ്ട് വന്നു. ?**

സാധാരണ ഫുഖഹാഉം മുഹദ്ദിസികളും ഹജ്ജിന്റെ ബാബിൽ സിയാറത്ത് ചർച്ച ചെയ്യാറുണ്ട്. അതിനുള്ള കാരണം ഹജ്ജിനോട് അനുബന്ധിച്ച് സാധരണ ഹാജിമാർ സിയാറത്ത് ചെയ്യാറുണ്ട് എന്നതിലാണ്. ഇത് പോലെ തറാവീഹ് കഴിഞ്ഞാൽ ജനങ്ങൾ സാധാരണയായി വിത്റാണ് നിസ്കരിക്കാറുള്ളത്. അതിനാലാണ് തറാവീഹിന്റെ അധ്യായത്തിൽ വിത്റിന്റെ ഹദീസ് കൊണ്ട് വന്നത്.

റമളാനിൽ തറാവീഹ് എന്ന സ്പെഷ്യൽ നിസ്കാരമുണ്ട് എന്ന് കരുതി വിത്റ് ഒഴിവക്കാനുള്ളതല്ല എന്ന് സൂചിപ്പിക്കാനുമായിരിക്കാം ഇമാം ബുഖാരി പ്രസ്തുത ഹദീസ് തറാവീഹിന്റെ അധ്യായത്തിൽ കൊണ്ട് വന്നത്.

ഇമാം ബുഖാരി ഈ ഹദീസ് സ്വഹീഹുൽ ബുഖാരിയിൽ പല അധ്യായങ്ങളിലും കൊണ്ട് വന്നിട്ടുണ്ട്. ഇമാം ബുഖാരി ഈ ഹദീസ് ഉദ്ധരിക്കുന്നത് ഇമാം മാലിക്ക് (റ) വിൽ നിന്നാ

ണ്. ഇമാം മാലിക്(റ) ഈ ഹദീസ് മുവത്വയിൽ വിത്റിന്റെ അധ്യായത്തിലാണ് കൊണ്ടുവന്നത് എന്നതും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## ജാബിർ ﵁ വിന്റെ ഹദീസ് തെളിവിന് പറ്റില്ല.

"സലഫികൾ" കൂട്ട് പിടിക്കുന്ന മറ്റൊരു ഹദീസ് ജാബിർ (റ) വിനെ തൊട്ട് ഇമാം ഇബ്നു ഹിബ്ബാൻ സ്വഹീഹിൽ ഉദ്ധരിക്കുന്ന ഹദീസാണ്.

حدثنا يعقوب القمي، قال حدثنا عيسى بن جارية عن جابر بن عبد الله، قال:
صلى بنا رسول الله ﷺ في رمضان ثمان ركعة والوتر)**ابن حبان: 2409**(

ജാബിർ (റ) വിൽ നിന്ന് ഈസബ്നു ജാരിയ വഴി ഇമാം ഇബ്നു ഹിബ്ബാൻ ഉദ്ധരിക്കുന്നു: “തിരു നബി (സ്വ) റമളാനിൽ ഞങ്ങളോട് കൂടെ 8 റക്അത്തും വിത്റുമാണ് നിസ്കരിച്ചത്”

തിരുനബി (സ്വ) യുടെ തറാവീഹിന്റെ റക്അത്തുകളുടെ എണ്ണം സ്വഹീഹായി സ്ഥിരപെട്ടിട്ടില്ല എന്ന് നിരവധി പൗരാ

ണിക ഗ്രന്ഥങ്ങളെ അടിസ്ഥാനപ്പെടുത്തി നാം സ്ഥിരപെടുത്തിയല്ലോ..

അതിൽ നിന്ന് ജാബിർ(റ) വിന്റെ ഹദീസ് പ്രമാണയോഗ്യമല്ലന്ന് സ്ഥിരപെടുമല്ലോ....

മാത്രവുമല്ല പ്രസ്തുത ഹദീസിന്റെ പരമ്പരയിലെ ഈസ ബ്നു ജാരിയ ഹദീസ് നിരൂപണ ശാസ്ത്രത്തിൽ അയോഗ്യത കൽപിക്കപെട്ട റാവിയുമാണ്.

നിരവധി മഹദിസുകൾ അത് വ്യക്തമാക്കിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ കാണാം

1. ميزان الإعتدال/ الحافظ الذهبي 3/ 311
2. تهذيب التهذيب/ الإمام ابن حجر العسقلاني 8/ 207
3. الضعفاء الكبير/ أبو جعفر العقيلي 3/ 383
4. الضعفاء والمتركون/ الإمام ابن الجوزي 3/ 238
5. أوجز المسالك/ الشيخ محمد زكريا 503، 504

# റക്അതുകൾക്കിടയിലെ സ്വലാത്തും ബിദ്അത്ത് ആരോപണവും

തറാവീഹിന്റെ സ്പെഷ്യാലിറ്റിയിലും എണ്ണത്തിലും വിഷവിത്ത് പാകിയവർ തറാവീഹിൽ 4 റക്അത്തുകൾ കുടുമ്പോൾ തർവിഹത്തിന് വേണ്ടി ചൊല്ലുന്ന സ്വലാത്തിനെയും വെറുതെ വിടുന്നില്ല.

തറാവീഹ് എന്ന പദം 'റെസ്റ്റടുക്കുക' എന്നർത്ഥമുള്ള തർവിഹത്തിൽ നിന്ന് ലോപിച്ചുണ്ടായതാണ്. അങ്ങിനെ പേര് വരാൻ കാരണം 4 റക്അത്തുകൾ കൂടുമ്പോൾ റെസ്റ്റ് എടുക്കുന്നത് കൊണ്ടാണ്. റെസ്റ്റ് എടുക്കൽ ചെറിയ നിസ്കരങ്ങളെ കൊണ്ടോ, തഹ്ലീല് കൊണ്ടോ, സ്വലാത്ത് കൊണ്ടോ ആവാം.

ഇമാം ജമാലുദ്ധീൻ റൂമി പറയുന്നത് കാണുക.

قال جمال الدين الرومي: فإن أهل مكة يطوفون بين كل ترويحتين أسبوعا، وأهل المدينة يصلون بدل ذلك أربع ركعات، وأهل كل بلدة بالخيار يسبحون أو يهللون أو ينتظرون سكوتا) **العناية شرح البداية/ الإمام جمال الدين الرومي 1/ 168(**

sunnahclub.in

"തർവീഹത്തിന് വേണ്ടി മക്കകാർ ത്വവാഫ് ചെയ്യുന്നു, മദീനക്കാർ നിസ്കരിക്കുന്നു, ഇവകളുടെ സ്ഥാനത്ത് ഒരോ നാട്ടിലും അനുയോജ്യമായത് തിരെഞ്ഞെടുത്ത് ചെയ്യാം, അത് തസ്ബീഹാകാം, തഹ്ലീലാകാം വെറുതെ അടങ്ങിയിരിക്കലുമാകാം" **(അൽ ഇനായ:1/168)**

പിൻകാലത്ത് ലോക മുസ്ലിംങ്ങൾ ആ സ്ഥാനത്ത് തിരുനബി (സ്വ) യുടെ പേരിൽ സ്വലാത്ത് പതിവാക്കി പോരുന്നു.

ഈ സ്വലാത്തിനെ ബിദ്അത്താക്കുകയാണെങ്കിൽ ആ ആരോപണം ഇമാം ശാഫിഈ (റ) വിനെയും ഇമാം മാലിക് (റ) വിനെയും ആ കാലഘട്ടത്തിലെ സച്ചരിതരായ സ്വാലിഹീങ്ങളെയും മുറിവേൽപ്പികുമെന്ന കാര്യം മറക്കാതിരിക്കുക. കാരണം തർവീഹത്തിന് വേണ്ടിയുള്ള ത്വവാഫ്നെയും നിസ്കാരത്തിനുമെല്ലാം അവർ അങ്ങീകാരം നൽകിയിട്ടുണ്ട്.

ഇങ്ങിനെ പ്രത്യേകത കൽപിക്കാതെ തർവീഹത്തിന് വേണ്ടി ചെല്ലുന്ന സ്വലാത്തിന് പ്രശ്നമില്ലന്ന് ഇമാം ഇബ്നു ഹജർ ഹൈതമി (റ) വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്.

(وسئل) الإمام ابن حجر الهيتمي ﵁ هل تسن الصلاة عليه - ﷺ - بين تسليمات التراويح أو هي بدعة ينهى عنها؟

(فأجاب) بقوله الصلاة في هذا المحل بخصوصه. لم نر شيئا في السنة ولا في كلام أصحابنا فهي بدعة ينهى عنها من يأتي بها بقصد كونها سنة في هذا المحل بخصوصه دون من يأتي بها لا بهذا القصد كأن يقصد أنها في كل وقت سنة من حيث العموم بل جاء في أحاديث ما يؤيد الخصوص إلا أنه غير كاف في الدلالة لذلك،

**(الفتاوى الكبرى/ الإمام ابن حجر الهيتمي 1/ 186)**

"തറാവീഹ് ഒരു സമഗ്ര പഠനം" എന്ന ഈ പഠന പരമ്പര ഇവിടെ അവസാനിക്കുകയാണ്.